സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജനറൽ പ്രൊവിഡന്റ് ഫണ്ടിലെ നിക്ഷേപങ്ങൾക്കുളള പലിശ നിരക്ക് - ദേവസ്വം ബോർഡ് ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 4576/14/Est-I നന്തൻകോട്,29/01/2019

---

പരാമർശം :- 1) 29-03-2018 ലെ മേൽ നമ്പർ ഉത്തരവ്.
2) 12-11-2018 ലെ സ.ഉ.(അച്ചടി) 174/2018/ധന നമ്പർ ഉത്തരവ്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 10-1-2019 ലെ DA 18/19/DPF നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡ് ജീവനക്കാർക്ക് 01-01-2018 മുതൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലെ തുകയ്ക്കുളള പലിശ നിരക്ക് 7.6 % ആയി നിശ്ചയിച്ചിരുന്നു (പരാമർശം - 1).

01-10-2018 മുതൽ 31-12-2018 വരെയുളള കാലയളവിലേക്ക് പ്രൊവിഡന്റ് ഫണ്ടുകളിലെ നിക്ഷേപങ്ങൾക്ക് 8 % പലിശ നിരക്ക് നിശ്ചയിച്ച് സംസ്ഥാന സർക്കാർ പരാമർശം 2 ഉത്തരവ് പുറപ്പെടുവിച്ചിട്ടുളളതായും ആയത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ബാധകമാക്കി ഉത്തരവുണ്ടാകണമെന്ന് വിവരിച്ചുളള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 3 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജനറൽ പ്രൊവിഡന്റ് ഫണ്ട് റൂൾ നടപ്പാക്കിയിട്ടുളളതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടുകളിലെ നിക്ഷേപങ്ങൾക്ക് 01-10-2018 മുതൽ 31-12-2018 വരെയുളള കാലയളവിലേക്ക് 8 % പലിശനിരക്ക് നിശ്ചയിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

Scanned by CamScanner

R/O/P

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ - നടപടിക്കായി
3. ഇ.ഡി.പി. സെക്ഷൻ
4. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Reginold

അസിസ്റ്റന്റ് സെക്രട്ടറി

SK

Scanned by CamScanner